LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ചെലവ്

59 [2440] *ശ്രീ. എം. മുരളി:*
,, *എൻ. ഡി. അപ്പച്ചൻ:*
,, *പി. ജെ. ജോയി:*
,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന കോളേജിൽ ഹോസ്റ്റൽ സൗകര്യമുള്ളപക്ഷം അവർക്ക് ആ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിനും സർക്കാർ അതിനുള്ള ചെലവ് വഹിക്കുന്നതിനും വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം കോളേജ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ചെലവ് അതാതു മാസം നൽകുന്നതിൽ കാലതാമസം വരുത്താറുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ചെലവ് യഥാസമയം നൽകുന്നതിൽ കാലതാമസം വരുത്തുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ മേൽ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥാപനങ്ങളിൽനിന്നും യഥാസമയം മെസ്സ് ബിൽ ലഭിക്കാതെ വരുന്നതും ഫണ്ടിന്റെ അപര്യാപ്തതയും കാരണമാണ് ഹോസ്റ്റൽ ചെലവ് അതാതു മാസം നൽകുന്നതിൽ കാലതാമസം വരുന്നത്.

(സി) വകുപ്പിലെ ഉദ്യോഗസ്ഥർ മനഃപൂർവ്വം കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി എടുക്കുന്നതാണ്.

പട്ടികജാതി - പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ മെസ്സ് അലവൻസ്, ദിനബത്ത

60 [2441] *ശ്രീമതി രാധാ രാഘവൻ:*
ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, *എം. എം. ഹസ്സൻ:*
,, *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോസ്റ്റ് മെട്രിക് വിഭാഗത്തിലുള്ള എത്ര പട്ടികജാതി/പട്ടികവർഗ്ഗ ഹോസ്റ്റലുകളുണ്ട്;

(ബി) പട്ടികജാതി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും പട്ടികവർഗ്ഗ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ മെസ്സ് അലവൻസ്, ദിനബത്ത എന്നിവ എത്ര രൂപവീതമാണ്;

(സി) ഈ രണ്ടു വിഭാഗം ഹോസ്റ്റലുകളിലും താമസിച്ചു പഠിക്കുന്നവരുടെ മെസ്സ് അലവൻസിലും ദിനബത്തയിലും വ്യത്യാസം വരാനുള്ളതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) രണ്ടു വിഭാഗം ഹോസ്റ്റലിലും താമസിക്കുന്ന വിദ്യാർത്ഥികളുടെ ആനുകൂല്യം തുല്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 17 ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 1 ഹോസ്റ്റലും നിലവിലുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ മെസ്സ് അലവൻസ് പ്രതിമാസം 700 രൂപയും മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സ് വിദ്യാർത്ഥികളുടെ പോക്കറ്റ് മണി പ്രതിമാസം 80 രൂപയും മറ്റ് കോഴ്സുകളിലെ വിദ്യാർത്ഥികളുടെ പോക്കറ്റ് മണി 65 രൂപയും ആണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ മെസ്സ് അലവൻസ് 600 രൂപയും പോക്കറ്റ് മണി യഥാക്രമം പ്രൊഫഷണൽ കോഴ്സുകൾക്ക് 65 രൂപയും മറ്റു കോഴ്സുകൾക്ക് 50 രൂപയുമാണ്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങാൻ അനുമതി നൽകിയത് 8-3-1999-ലെ ജി. ഒ. (എംഎസ്.) 20/99/പജ. പവ. വിവ. ഉത്തരവുപ്രകാരമാണ്. പ്രസ്തുത ഉത്തരവുപ്രകാരം ഹോസ്റ്റൽ അന്തേവാസികളുടെ മെസ്സ് ചാർജ് പട്ടികജാതി വികസന വകുപ്പിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെപ്പോലെ 600 രൂപയായി നല്കുവാൻ ഉത്തരവായിരുന്നു. എന്നാൽ 3-8-2000-ലെ ജി. ഒ. (എംഎസ്.) 538/2000 പ്രകാരം പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ്സ് ചാർജ്ജ് 700 രൂപയായി വർദ്ധിപ്പിച്ചപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാതിരുന്നതിനാൽ പ്രസ്തുത നിരക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ ബാധകമാക്കിയിരുന്നില്ല. അതിനാലാണ് ഇത്തരത്തിൽ വ്യത്യാസം വന്നത്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly